<u>ഭരണഭാഷ-മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർസെക്കൻഡറി വിഭാഗം
ന്യൂ ബിൽഡിംങ്ങ്സ്
ഉള്ളൂർ ലെയിൻ,ജഗതി
തിരുവനന്തപുരം

**സി.ജി.എ.സി-3/11850/2025/എച്ച്.എസ്.ഇ തീയതി:23-09-2025**

## <u>സർക്കുലർ</u>

**വിഷയം:- കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് - ഹയർ സെക്കൻഡറി സ്കൂളുകളിൽ 2024 വർഷത്തെ സ്കൗട്ട് & ഗൈഡ്സ് ടോക്കൺ ഫ്ളാഗ് വിതരണം ചെയ്യുന്നത് - നിർദ്ദേശങ്ങൾ സംബന്ധിച്ച്.**

**സൂചന:- സർക്കാർ ഉത്തരവ് (എംഎസ്) നം. 7123/2022/പൊ.വിവ. തീയതി:22/11/2022**

കേരള വിദ്യാഭ്യാസ നിയമം ചാപ്റ്റർ 6, സബ്റൂൾ 10 പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലേക്ക് നിർദ്ദേശിച്ചിട്ടുള്ള പ്രധാന പാഠ്യാനുബന്ധ പ്രവർത്തനമാണ് സ്കൗട്ടിംഗും ഗൈഡിംഗും. ഹൈസ്കൂൾ ക്ലാസുകൾ വരെ പ്രവർത്തനം നടത്തിയിരുന്ന സ്കൗട്ട്സ് & ഗൈഡ്സ് സർക്കാർ ഉത്തരവ് (എം.എസ്)നം.14/2014/പൊവിവ.തീയതി 15/01/2014 പ്രകാരം 2014 ലാണ് ഹയർസെക്കൻഡറി സ്കൂളുകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചത്.

ഹൈസ്കൂൾ ക്ലാസുകളിൽ നടത്തിയിരുന്ന സ്കൗട്ട്-ഗൈഡ് ടോക്കൺ ഫ്ളാഗിന്റെ വിൽപന ഹയർസെക്കന്ററി ക്ലാസുകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിന് സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ ഹയർസെക്കൻഡറി സ്കൂളുകളിലെ 2024 വർഷത്തെ സ്കൗട്ട്- ഗൈഡ് ടോക്കൺ ഫ്ളാഗുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം ടോക്കൺ ഫ്ളാഗുകൾ പ്രിൻ്റ് ചെയ്ത് എല്ലാ വർഷവും ഒക്ടോബർ 30 നകം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് (ആർഡി ഡി) നൽകും. ഓരോ ആർഡിഡിയുടെയും പരിധിയിലുള്ള ഹയർസെക്കൻ്ററി ക്ലാസുകളിലെ കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചാണ് ഇവ വിതരണം ചെയ്യേണ്ടത്. ആർഡിഡിമാർ ടോക്കൺ

ഫ്ളാഗുകൾ **നവംബർ 30-ന്** മുമ്പ് ഹയർ സെക്കൻഡറി സ്കൂൾ മേധാവികൾക്ക് വിതരണം ചെയ്യണം .വിതരണ സ്റ്റേറ്റ്മെൻ്റ് ഡിസംബർ 30-ന് മുമ്പ് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്, സ്റ്റേറ്റ് സെക്രട്ടറിക്ക് ഇ-മെയിൽ **(secy.ksbsg@kerala.gov.in)** മുഖേനയോ തപാൽ മുഖേനയോ ആർഡിഡി മാർ കൈമാറണം.

പ്രിൻസിപ്പൽമാർ തങ്ങൾക്ക് ലഭിക്കുന്ന ടോക്കൺ ഫ്ളാഗുകൾ പ്ലസ് വൺ, പ്ലസ് ടൂ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തശേഷം ഡിസംബർ 30-ന് മുമ്പ് വിലയുടെ 75% ആർഡിഡി ഓഫീസുകളിൽ അടയ്ക്കണം. ശേഷിക്കുന്ന 25% സ്കൂളുകളിലെ സ്കൗട്ട് &ഗൈഡ്/ റോവർ, റേഞ്ചർ യൂണിറ്റുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കാം. സ്കൗട്ട്, ഗൈഡ്/ റോവർ, റേഞ്ചർ യൂണിറ്റുകളില്ലാത്ത സ്കൂളുകളിലെ പ്രിൻസിപ്പൽമാർ പിരിച്ചെടുത്ത മുഴുവൻ തുകയും കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് അടക്കുന്നതിനായി ആർഡിഡി ഓഫീസിൽ അടക്കണം.

ആർഡിഡി ഓഫീസിൽ ലഭിക്കുന്ന ടോക്കൺഫ്ളാഗ് കളക്ഷൻ്റെ 75 ശതമാനത്തിൽ നിന്നും 74% തുക ജനുവരി 30 നകം കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ, കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിൻ്റെ ബാങ്ക് അക്കൗണ്ടിലേക്ക് RTGS/NEFT മുഖനയോ ( A/c No. 37775679382, IFSC Code: SBIN0070415, Bank: SBI Vikasbhavan) ബാക്കിയുള്ള 1 % തുക ആർഡിഡി ഓഫീസിൽ ടോക്കൺ ഫ്ളാഗ് വിതരണവുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾക്കും പ്രസ്തുത പ്രവൃത്തി നിർവഹിക്കുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ് നൽകുന്നതിനും വിനിയോഗിക്കാവുന്നതാണ്. **ആർഡിഡി ജീവനക്കാർക്ക് ടി.എ അല്ലെങ്കിൽ ഇൻസെൻ്റീവ് ഇവയിൽ എതെങ്കിലും ഒന്ന് മാത്രമേ ക്ലെയിം ചെയ്യാൻ സാധിക്കുകയുള്ളു.**

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് ബാങ്ക് ട്രാൻസ്ഫർ (RTGS/NEFT) മുഖേന അടക്കുന്ന തുകയുടെ വിവരങ്ങൾ (പേ ഇൻ സ്ലിപ്പിൻ്റെ പകർപ്പ്) കവറിംഗ് ലെറ്റർ സഹിതം താഴെ പരാമർശിക്കുന്ന തപാൽ വിലാസത്തിലോ ഇ-മെയിൽ വിലാസത്തിലോ അയച്ചുകൊടുക്കേണ്ടതാണ്.

**സ്റ്റേറ്റ് സെക്രട്ടറി,**
**കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സ്റ്റേറ്റ് ഹെഡ്ക്വാട്ടേഴ്സ്**
**തിരുവനന്തപുരം, 695033**
**ഇ-മെയിൽ - secy.ksbsg@kerala.gov.in**

സ്കൂളുകളിൽ നിന്ന് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സിൻ്റെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് സ്വീകരിച്ച് അവ സംസ്ഥാന കാര്യാലയത്തിലേക്ക് അയക്കുന്ന രീതി ഒഴിവാക്കണം. സ്കൂളുകളിൽ നിന്ന് തുക സമാഹരിച്ച് ആകെ തുകയ്ക്കുള്ള ഡിഡി/ റെമിറ്റൻസ് സ്ലിപ്പ് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് &ഗൈഡ്സ് സംസ്ഥാന കാര്യാലയത്തിലേക്ക് അയക്കണം. തുക

ലഭിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം അതാത് ആർഡിഡിമാരുടെ പേരിൽ രസീത് അയച്ചുകൊടുക്കണം. പ്രതിവർഷം വിതരണം ചെയ്ത ടോക്കൺ ഫ്ളാഗുകളുടെ എണ്ണത്തിനനുസരിച്ച് തുക ആർഡിഡികളിൽ നിന്നും പൂർണമായി ലഭ്യമാവുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് & ഗൈഡ്സ് സംസ്ഥാന കാര്യാലയം ക്ലിയറൻസ് സർട്ടിഫിക്കറ്റും അനുവദിക്കേണ്ടതാണ്.

സ്കൗട്ട്-ഗൈഡ് ടോക്കൺ ഫ്ളാഗ് വിതരണവും ധനസമാഹരണവും സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാ കൺട്രോളിംഗ് ഓഫീസർമാരും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Signed by Umesh N S K
DIRECTOR
പൊതുവിദ്യാഭ്യാസ ഡയറക്ടർ
Date: 23-09-2025 20:34:52

**പകർപ്പ്**

1.ജോയിന്റ് ഡയറക്ടർ
2.സ്റ്റേറ്റ് കോ-ഓർഡിനേറ്റർ
3.ആർ.ഡി.ഡി മാർ
4.എല്ലാ പ്രിൻസിപ്പൽമാർക്കും